**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 163** **07-06-2021 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിൽ വിവിധ തസ്തികകളിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | Shri M. V. Govindan Master<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ (പഞ്ചായത്ത് - ഗ്രാമവികസനം - മുനിസിപ്പാലിറ്റി) വിവിധ തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ നിലവിലുള്ള ഒഴിവുകൾ സെക്രട്ടറി - 3 അസിസ്റ്റന്റ് സെക്രട്ടറി/ - 2 ജൂനിയർ സൂപ്രണ്ട് ഹെഡ് ക്ലാർക്ക് - 1 സീനിയർ ക്ലാർക്ക് - 2 ക്ലാർക്ക് - 23 ഗ്രാമവികസന വകുപ്പിൽ നിലവിലുള്ള ഒഴിവുകൾ ക്ലാർക്ക് - 1 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - 10 നഗരകാര്യ വകുപ്പിൽ നിലവിലുള്ള ഒഴിവുകൾ നഗരസഭാ സെക്രട്ടറി - 1 ഹെൽത്ത് സൂപ്പർവൈസർ - 1 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ - 1 ഗ്രേഡ് 1 ഡ്രൈവർ ഗ്രേഡ് II (എച്ച്ഡിവി) - 1 ഡ്രൈവർ ഗ്രേഡ് II (എൽഡിവി) - 1 ലൈബ്രേറിയൻ ഗ്രേഡ് - IV - 1 ഓഫീസ് അറ്റൻഡന്റ് - 1 |
| (ബി) | പ്രസ്തുത ഒഴിവുകൾ നികത്താൻ സ്വീകരിച്ച നടപടികൾ തസ്തിക തിരിച്ച് വ്യക്തമാക്കാമോ? | (ബി) | പഞ്ചായത്ത് വകുപ്പിൽ സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി/ജൂനിയർ സൂപ്രണ്ട്, ഹെഡ് ക്ലാർക്ക്, സീനിയർ ക്ലാർക്ക് തസ്തികകളിലെ ഒഴിവുകൾ സ്ഥാന ക്കയറ്റത്തിലൂടെ നികത്തുന്നതാണ്. ക്ലാർക്ക് തസ്തികയിലെ 23 ഒഴിവുകളിൽ 14 ഒഴിവുകൾ (കന്നട-മലയാളം) വിഭാഗം പി.എസ്.സി.യ്ക്കും 5 ഒഴിവുകൾ പി.എസ്.സി. ജനറൽ വിഭാഗത്തിനും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 3 ഒഴിവുകൾ ആശ്രിത നിയമനത്തിനായി മാറ്റിവച്ചിട്ടുള്ളതാണ്. ക്ലാർക്ക് തസ്തികയിലെ 1 ഒഴിവ് പട്ടിക വർഗ്ഗ വിഭാഗത്തിന്റെ പ്രത്യേക നിയമനത്തിനായി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഗ്രാമവികസന വകുപ്പിൽ ക്ലാർക്ക് തസ്തികയിലെ 1 ഒഴിവും, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിലെ 7 ഒഴിവുകളും പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിലെ 3 ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നഗരകാര്യ വകുപ്പിൽ ഡ്രൈവർ ഗ്രേഡ് II (എച്ച്ഡിവി), ഡ്രൈവർ ഗ്രേഡ് II (എൽഡിവി), ലൈബ്രേറിയൻ ഗ്രേഡ് - IV, |

| | | | |
|---|---|---|---|
| | | | ഓഫീസ് അറ്റൻഡന്റ് തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഹെൽത്ത് സൂപ്പർവൈസർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികകളിലെ ഒഴിവുകൾ ഉദ്യോഗക്കയറ്റം മുഖേന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നഗരസഭാ സെക്രട്ടറി തസ്തികയിലെ ഒഴിവ് നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ